**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4285** **28-10-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് വൈദ്യുതി ഉല്പാദനത്തിലുള്ള പ്രതിസന്ധി നേരിടുന്നതിന് സംസ്ഥാനം എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | രാജ്യത്ത് കൽക്കരി ക്ഷാമം കാരണം വൈദ്യുതി ഉല്പാദനത്തിലുള്ള പ്രതിസന്ധി മൂലം സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവ് ഉണ്ടായിട്ടുണ്ട്. ആയത് നികത്തു ന്നതിനായി അതാത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽ നിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉല്പാദനം താൽക്കാലികമായി ഉയർത്തിയും പ്രതിസന്ധി തരണം ചെയ്യുന്ന സമീപനമാണ് സ്വീകരി ച്ചിട്ടുള്ളത്. വൈദ്യുതിയുടെ ദൗർലഭ്യം കണക്കി-ലെടുത്ത് വൈകുന്നേരങ്ങളിലെ ഉപഭോഗം പരമാവധി കുറയ്ക്കാൻ പൊതുജനങ്ങളോട് ദൃശ്യശ്രാവ്യ മാധ്യമങ്ങൾ മുഖേന അഭ്യർ ത്ഥിച്ചിട്ടുണ്ട്. നിലവിലെ കൽക്കരി ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ദൗർലഭ്യമുള്ള സംസ്ഥാനങ്ങളോട് കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതത്തിലെ unallocated share ആയ 15% ൽ നിന്നും വൈദ്യുതി വിഹിതം ഉപയോഗിക്കാൻ കേന്ദ്ര സർക്കാർ ആവശ്യ പ്പെട്ടിരുന്നു. നിലവിലെ ദൗർലഭ്യം മറികടക്കുന്ന-തിനായി വൈകുന്നേരം 6 മണി മുതൽ രാത്രി 11.00 മണി വരെയുള്ള സമയത്ത് കേന്ദ്ര പൂളിൽ നിന്നും (15% unallocated share) 100 MW വൈദ്യുതി ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാ രിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഉപാധികളും നിബന്ധനകളും അറിയിക്കാനും അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി ഉണ്ടായാൽ പവർകട്ട് ഏർപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്ത് നിലവിൽ പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ